# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.10.2023** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. പശ്ചിമേഷ്യയിലെ യുദ്ധസമാന സാഹചര്യം കണക്കിലെടുത്ത് ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര സർക്കാർ. ഇസ്രായേലിന് ഐക്യദാർഢ്യം അറിയിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി.
   **Union Government of India issues advisory for Indian citizens in view of the state of war in West Asia; Prime Minister Narendra Modi expresses solidarity with Israel.**

2. ഇന്ന് വ്യോമസേനാ ദിനം; ഇന്ത്യൻ വ്യോമസേനയുടെ പുതിയ പതാക എയർ ചീഫ് മാർഷൽ ഇന്ന് അനാച്ഛാദനം ചെയ്യും.
   **IAF chief to unveil new ensign on Air Force Day today.**

3. സിക്കിമിൽ മിന്നൽപ്രളയത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്താൻ പ്രത്യേക ഉദ്യോഗസ്ഥ സംഘം ഇന്ന് സന്ദർശനം നടത്തും.
   **Inter-Ministerial committee to visit Sikkim today to assess damages due to flash flood.**

4. ഏഷ്യൻ ഗെയിംസിന് ഇന്ന് സമാപനം. 107 മെഡലിന്റെ ചരിത്ര നേട്ടവുമായി ഇന്ത്യ നാലാം സ്ഥാനത്ത്; ഇന്ത്യൻ സംഘത്തെ അഭിനന്ദിച്ച് രാഷ്ട്രപതിയും പ്രധാനമന്ത്രിയും.
   **Asian Games concludes today; India in fourth position with a historic tally of 107 medals; The President and the Prime Minister congratulate the Indian team.**

5. ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യയുടെ ആദ്യമത്സരം ഇന്ന് ഓസ്ട്രേലിയക്കെതിരെ.

**Team India to start their campaign against Australia in the ODI Cricket World Cup today.**

**********************************

# HEADLINE – 1

## ISRAEL-PALESTINE WAR

പശ്ചിമ ഏഷ്യയിൽ വീണ്ടും യുദ്ധസമാന സാഹചര്യം. ഇസ്രായേലിന് നേരെയുള്ള ഹമാസിന്റെ റോക്കറ്റാക്രമണത്തിൽ 150 പേർ കൊല്ലപ്പെടുകയും ആയിരത്തിലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഗാസയിൽ നിരവധി ഇസ്രായേൽ പൗരന്മാരെ ബന്ദികളാക്കി വച്ചിരിക്കുകയാണെന്ന് പ്രാദേശിക മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ആക്രമണത്തെ ശക്തമായി പ്രതിരോധിക്കുമെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും പ്രസിഡൻറ് ഐസക് ഹെർസോഗും പ്രതികരിച്ചു. ഇസ്രായേൽ നടത്തിയ പ്രത്യാക്രമണത്തിൽ 230 പേർ കൊല്ലപ്പെട്ടതായാണ് റിപ്പോർട്ട്.

**********************************

# HEADLINE – 1 (A)

## PM ISRAEL ATTACKS

ഇസ്രായേലിന് നേരെ നടന്ന ഭീകരാക്രമണത്തിൽ നടുക്കം രേഖപ്പെടുത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതിസന്ധി ഘട്ടത്തിൽ ഇന്ത്യ ഇസ്രായേലിനൊപ്പം നിൽക്കുന്നതായി പ്രസ്താവിച്ചു. ഈ വിഷമകരമായ വേളയിൽ ഇസ്രായേലിനോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു. യു.എസ് പ്രസിഡൻറ് ജോ ബൈഡനും ഇസ്രായേലിന് പിന്തുണ അറിയിച്ചു. ആക്രമണങ്ങളെ ചെറുക്കാനുള്ള അവകാശം ഇസ്രായേലിനുണ്ടെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി റിഷി സുനക്കും അഭിപ്രായപ്പെട്ടു.

**********************************

## ISRAEL - INDIA

ഇസ്രായേലിൽ സംഘർഷം നിലനിൽക്കുന്ന സാഹചര്യത്തിൽ ഇന്ത്യൻ പൗരന്മാർ ജാഗ്രത പാലിക്കണമെന്ന് കേന്ദ്ര സർക്കാർ അറിയിച്ചു. സുരക്ഷാ മാർഗ്ഗരേഖ കൃത്യമായി പാലിക്കണം. അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കി സുരക്ഷാ കേന്ദ്രങ്ങൾക്ക് സമീപം തുടരണം. അടിയന്തര സാഹചര്യങ്ങളിൽ എംബസിയുമായി ബന്ധപ്പെടണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പലസ്തീൻ നഗരമായ റാമള്ളയിലെ ഇന്ത്യൻ പൗരന്മാരോട് അടിയന്തര സാഹചര്യങ്ങളിൽ പലസ്തീനിലെ ഇന്ത്യൻ പ്രതിനിധി കേന്ദ്രവുമായി ബന്ധപ്പെടണമെന്നും അറിയിച്ചിട്ടുണ്ട്. സഹായത്തിനായി ബന്ധപ്പെടാവുന്ന നമ്പരുകളും പ്രതിനിധി കേന്ദ്രം സാമൂഹ്യ മാധ്യമത്തിലൂടെ പങ്കുവച്ചിട്ടുണ്ട്.

**********************************

## HEADLINE – 2

## INDIAN AIR FORCE

ഇന്ന് ഇന്ത്യൻ വ്യോമസേനാ ദിനം. വ്യോമസേനയുടെ 91-ാം വാർഷികത്തോടനുബന്ധിച്ച്, ഉത്തർപ്രദേശിലെ പ്രയാഗ്‌രാജിൽ ഇന്ന് പരേഡും വ്യോമ പ്രദർശനവും നടത്താനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. വ്യോമസേനാ ദിന പരേഡിൽ ഇന്ത്യൻ വ്യോമസേനയുടെ പുതിയ പതാക അനാവരണം ചെയ്യും. സേനാംഗങ്ങളുടെ മാർച്ചും സ്കൈ പാരാ ജമ്പർമാരുടെ പ്രകടനങ്ങളും പരേഡിന്റെ മാറ്റുകൂട്ടും. ആദ്യമായി വനിതാ അഗ്നിവീരരുടെ ഒരു ബറ്റാലിയനും പരേഡിൽ പങ്കെടുക്കും. മിഗ്-21 വിമാനത്തിന്റെ ഔപചാരികമായ യാത്ര അയപ്പും , പുതിയ സി-295 യാത്രാവിമാനത്തിന്റെ ഉദ്ഘാടനവും നടക്കും. യു. പി ഗവർണർ ആനന്ദിബെൻ പട്ടേൽ മുഖ്യാതിഥിയാകും. ഉത്തർപ്രദേശ് വ്യവസായ

വികസന വകുപ്പ് മന്ത്രി നന്ദ് ഗോപാൽ ഗുപ്ത , വ്യോമസേനാ മേധാവി, എയർ ചീഫ് മാർഷൽ വി ആർ ചൗധരി, തുടങ്ങി നിരവധി പേർ പങ്കെടുക്കും.

**********************************

## HEADLINE – 3

## INTER-MINISTERIAL COMMITTEE -SIKKIM

സിക്കിമിൽ മിന്നൽപ്രളയത്തെ തുടർന്നുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്താൻ പ്രത്യേക ഉദ്യോഗസ്ഥ സംഘം ഇന്ന് ദുരിത ബാധിത പ്രദേശങ്ങൾ സന്ദർശിക്കും. കൃഷി, റോഡ് -ഹൈവേ ഗതാഗതം, ജലശക്തി, ഊർജം, ധനകാര്യം എന്നീ അഞ്ച് മന്ത്രാലയങ്ങളിലെ മുതിർന്ന ഉദ്യോഗസ്ഥരാണ് സംഘത്തിലുള്ളത്. അതേസമയം ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം 30 ആയി. കാണാതായ 81 പേർക്കുള്ള തെരച്ചിൽ തുടരുകയാണ്.

**********************************

## HEADLINE – 4

## ASIAN GAMES (INTRO)

ഹാങ്ചൗവിൽ നടക്കുന്ന 19-ാമത് ഏഷ്യൻ ഗെയിംസിന് ഇന്ന് സമാപനം. ഇതാദ്യമായി ഇത്തവണ ഏഷ്യൻ ഗെയിംസിൽ നൂറു മെഡലുകൾ എന്ന സുവർണനേട്ടം ഇന്ത്യ സ്വന്തമാക്കി. 28 സ്വർണവും 38 വെള്ളിയും 41 വെങ്കലവുമടക്കം 107 മെഡലുകൾ നേടി ഇന്ത്യ നാലാം സ്ഥാനത്തെത്തി. ഏഷ്യൻ ഗെയിംസിൽ ആദ്യമായി ബാഡ്മിന്റണിലും ഇന്ത്യ സ്വർണം നേടി.

**കൂടുതൽ വിവരങ്ങളുമായി ഹാങ്ചൗവിൽ നിന്നും ആകാശവാണി പ്രത്യേക പ്രതിനിധി വി ശിവകുമാർ.**

(വോയ്സ്)

**********************************

# HEADLINE – 4 (A)

## PREZ & PM- ASIAN GAMES

ഏഷ്യൻ ഗെയിംസിൽ ചരിത്രം കുറിച്ച ഇന്ത്യൻ സംഘത്തെ രാഷ്ട്രപതി ദ്രൗപദി മുർമു, പ്രധാനമന്ത്രി നരേന്ദ്രമോദി തുടങ്ങിയവർ അഭിനന്ദിച്ചു. നേട്ടം രാജ്യത്തിന്റെ കായിക ചരിത്രത്തിലെ നാഴികക്കല്ലാണെന്ന് രാഷ്ട്രപതി പറഞ്ഞു. ഓരോ കായിക താരവും അസാമാന്യ അർപ്പണബോധവും കഴിവുമാണ് പ്രകടിപ്പിച്ചതെന്നും ശ്രീമതി മുർമു അഭിപ്രായപ്പെട്ടു. നിർണായക നേട്ടത്തിലേക്ക് നയിച്ച കായികതാരങ്ങൾക്ക് പ്രധാനമന്ത്രി അഭിനന്ദനം അറിയിച്ചു. ഏഷ്യൻ ഗെയിംസ് സംഘത്തെ നേരിട്ട് അഭിനന്ദിക്കുന്നതിനായി ഈ മാസം പത്തിന് പ്രധാനമന്ത്രി കായിക താരങ്ങളുമായി സംവദിക്കും.

*********************************

# HEADLINE – 5

## CRICKET-WORLD CUP

ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഇന്ത്യ – ഓസ്ട്രേലിയയ്ക്കെതിരെ ആദ്യ മത്സരത്തിനിറങ്ങും. ചെന്നൈ എം. എ ചിദംബരം സ്റ്റേഡിയത്തിൽ ഉച്ചയ്ക്ക് രണ്ട് മണിക്കാണ് മത്സരം. ഇന്നലെ നടന്ന ആദ്യ മത്സരത്തിൽ ബംഗ്ലാദേശ് ആറ് വിക്കറ്റിന് അഫ്ഗാനിസ്ഥാനെ പരാജയപ്പെടുത്തി. രണ്ടാം മത്സരത്തിൽ ദക്ഷിണാഫ്രിക്ക, ശ്രീലങ്കയെ 102 റൺസിനും പരാജയപ്പെടുത്തി.

*********************************

## KERALEEYAM

കേരളീയം പരിപാടിയുടെ ഭാഗമായി 250 പേർ പങ്കെടുക്കുന്ന സൈക്കിൾ റാലി അല്പസമയത്തിനകം കവടിയാറിൽ നിന്ന് ആരംഭിക്കും. മന്ത്രി വി.ശിവൻകുട്ടി റാലി ഫ്ലാഗ് ഓഫ് ചെയ്യും. സെക്രട്ടേറിയറ്റ് ചുറ്റി കനകക്കുന്നിൽ റാലി സമാപിക്കും.

*********************************

## WILDLIFE WEEK

കേരളത്തിൽ വന്യജീവി വാരാഘോഷത്തിന് ഇന്ന് സമാപനം. വാരാഘോഷത്തിന്റെ സംസ്ഥാനതല സമാപന സമ്മേളനം കോഴിക്കോട് മന്ത്രി എ.കെ. ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. കേരളത്തിലെ ആദ്യ ടൈഗർ സഫാരി പാർക്കിന്റെയും മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണത്തിനായുള്ള വിവിധ പദ്ധതികളുടെയും പ്രഖ്യാപനവും മന്ത്രി നിർവ്വഹിക്കും.

*********************************

## G PRABHAKARAN

പാലക്കാട് ഹിന്ദു , ടൈംസ് ഓഫ് ഇന്ത്യ എന്നിവയുടെ ലേഖകനായ ജി. പ്രഭാകരൻ വാഹനാപകടത്തിൽ മരിച്ചു. ഐ ജെ യു ദേശീയ നേതാവാണ്.

*********************************

## AMIT SHAH

രാജ്യത്ത് നിന്ന് തീവ്രവാദം തുടച്ചുനീക്കേണ്ട സമയമായെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഭീകരതയ്ക്കെതിരെ സമ്പൂർണ അസഹിഷ്ണുത പുലർത്തിക്കൊണ്ടുള്ള പ്രവർത്തനം ആണാവശ്യം എന്നും ഡെറാഡൂണിൽ 49-ാമത് അഖിലേന്ത്യാ പോലീസ് സയൻസ് കോൺഗ്രസിനെ അഭിസംബോധന ചെയ്ത് അദ്ദേഹം പറഞ്ഞു. ഇന്ത്യയുടെ പുരോഗതിക്ക് രാജ്യത്തിന്റെ ക്രമസമാധാനവും ആഭ്യന്തര സുരക്ഷയും അതിർത്തി സുരക്ഷയും ശക്തമാക്കേണ്ടതുണ്ട്. ഇടതുപക്ഷ മേഖലകളിലെ അക്രമങ്ങൾ കുറഞ്ഞതാണ് വികസനത്തിന് ആക്കം കൂട്ടിയതെന്നും കേന്ദ്ര ആഭ്യന്തരമന്ത്രി വ്യക്തമാക്കി.

*********************************

## ASSAM-ADIVASHI

അസമിൽ, ഭീകരവാദ പ്രവർത്തനങ്ങളിൽ നിന്നും പിന്മാറിയ 1,182 പേർക്ക് സംസ്ഥാന സർക്കാർ 4 ലക്ഷം

രൂപ വീതം നൽകും. ഇന്ന് വൈകിട്ട് ഗുവാഹത്തിയിൽ നടക്കുന്ന പരിപാടിയിൽ മുഖ്യമന്ത്രി ഹിമന്ത ബിശ്വ ശർമ്മ കീഴടങ്ങിയവർക്ക് ധനസഹായം വിതരണം ചെയ്യും. ആദിവാസി കോബ്ര മിലിട്ടറി, ഓൾ ആദിവാസി നാഷണൽ ലിബറേഷൻ ആർമി, ബിർസ കമാൻഡോ ഫോഴ്സ്, ആദിവാസി പീപ്പിൾസ് ആർമി, സന്താൾ ടൈഗർ ഫോഴ്സ് എന്നീ അഞ്ച് ഗ്രൂപ്പുകളിൽ നിന്നുള്ളവരാണ് കീഴടങ്ങിയവർ.

********************************

## NT. AFGHANISTAN QUAKE

പടിഞ്ഞാറൻ അഫ്ഗാനിസ്ഥാനിലെ ഹെറാത്ത് പ്രവിശ്യയിലുണ്ടായ ഭൂചലനത്തിൽ 120 പേർ മരിച്ചു. ആയിരത്തിലധികം പേർക്ക് പരിക്കേറ്റു. പ്രാദേശിക സമയം രാത്രി 11 മണിയോടെയാണ് റിക്ടർ സ്കെയിലിൽ 6.3 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഉണ്ടായത്. പ്രധാന നഗരമായ ഹെറാത്തിൽ നിന്നും 40 കിലോമീറ്റർ അകലെയാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം.

********************************

## DELHI POLICE

ന്യൂഡൽഹിയിൽ അർഷ് ദല്ല-സുഖ ദുനേക തീവ്രവാദ സംഘത്തിലെ ഒരംഗത്തെ ഡൽഹി പോലീസ് അറസ്റ്റ് ചെയ്തു. നാല് കൊലപാതക കേസുകളിൽ പ്രതിയായ ഹർജീത് സിംഗ് എന്നയാളാണ് അറസ്റ്റിലായത്. സംഘത്തിലെ മറ്റൊരു അംഗം ഒരു മാസം മുമ്പ് അറസ്റ്റിലായിരുന്നു.

********************************

## ISRO

ഗഗൻയാൻ ദൗത്യത്തിന്റെ ക്രൂ മൊഡ്യൂൾ അബോർട്ട് ടെസ്റ്റ് ഈ മാസം തന്നെ നടത്താനാണ് ശ്രമമെന്ന് ഐ.എസ്.ആർ.ഒ ചെയർമാൻ എസ് സോമനാഥ്. മോഡ്യൂളിന്റെ അവസാനഘട്ട സംയോജനമാണ് ഇപ്പോൾ നടന്നുവരുന്നതെന്നും അദ്ദേഹം കൊച്ചിയിൽ

മാധ്യമപ്രവർത്തകരോട് പറഞ്ഞു. എക്സ് റേ പോളാരിമീറ്റർ ഉപഗ്രഹം ഈ വർഷം അവസാനത്തോടെ വിക്ഷേപിക്കും. ഐ.എസ്.ആർ.ഒയുടെ ആദിത്യ എൽ1, നല്ല നിലയിൽ പ്രവർത്തിച്ചു വരികയാണെന്നും, 18 ദിവസങ്ങൾക്ക് ശേഷം പേടകം L1 പോയിന്റിൽ എത്തിച്ചേരുമെന്നും ശ്രീ സോമനാഥ് വ്യക്തമാക്കി.

*********************************

## GST COUNCIL MEETING

രാജ്യത്തെ കരിമ്പ് കർഷകർക്ക് ഗുണകരമാകുന്ന മൊളാസസിന്റെ ചരക്ക് സേവനനികുതി 28 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറയ്ക്കാൻ തീരുമാനം. ന്യൂഡൽഹിയിൽ ചേർന്ന 52-ാമത് ജിഎസ്ടി കൗൺസിൽ യോഗത്തിന് ശേഷം കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ മാധ്യമങ്ങളെ അറിയിച്ചതാണിത്. പാക്ക് ചെയ്യാത്ത 70 ശതമാനം ചെറുധാന്യങ്ങളടങ്ങിയ മാവിന് ജിഎസ്ടി ഉണ്ടാകില്ലെന്നും എന്നാൽ ഇത് പാക്കറ്റിലാക്കി ലേബൽ ചെയ്ത രൂപത്തിൽ വിൽക്കുകയാണെങ്കിൽ, അതിന് 5 ശതമാനം ജിഎസ്ടി ഉണ്ടായിരിക്കുമെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

************************************************

*********************************

**********************